പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4922 05.02.2014 - ൽ മറുപടിക്ക്

## അനാഥാലയങ്ങളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി

ചോദ്യം
ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം
ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചില അനാഥാലയങ്ങളിൽ പെൺകുട്ടികളെ ലൈംഗികമായും മറ്റും ചൂഷണം ചെയ്തു വരുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) | പെൺകുട്ടികളെ ലൈംഗികമായും മറ്റും ചൂഷണം ചെയ്തു വരുന്നത് സംബന്ധിച്ച് 4 പരാതികൾ ലഭിച്ചിട്ടുണ്ട് ; |
| (ബി) | എങ്കിൽ ആയത് സംബന്ധിച്ചുള്ള അന്വേഷണവിവരങ്ങളുടെ വിശദാംശം അറിയിക്കുമോ ; | (ബി) | 1. തിരുവനന്തപുരത്തെ ശ്രീചിത്രാ പുവർ ഹോമിലെ അന്തേവാസിയായ പെൺ കുട്ടിയെ കാണാതായതുമായി ബന്ധപ്പെട്ട് പോലീസ് Cr.No.329/ 10 u/s 452, 377, 344, 201, 166, 120(b) & 34 IPC വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. പാലക്കാട് ജില്ലയിലെ എം.എസ്.എ യത്തീംഖാനയിലെ പെൺകുട്ടിയെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ സെക്രട്ടറിക്കെതിരെ പോലീസ് Cr No.404/11, Cr. 406/11 എന്നീ കേസുകൾ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. പാലക്കാട് ജില്ലയിലെ മർക്കസ് റഹ്മത്ത് ഇസ്ലാമിയ ഓർഫനേജിലെ സ്ഥാപനത്തിൽ പെൺകുട്ടിയുടെ പീഡനവുമായി ബന്ധപ്പെട്ട് പോലീസ് Cr No. 285/11/u/s 377, 506(1) IPC & 23 of JJ Act, Cr. 257/11 u/s 511 of 376, 506(1) r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 4. കണ്ണൂർ ജില്ലയിലെ പി.എം.എസ്. എസ്. യത്തീംഖാനയിലെ പെൺകുട്ടിയുടെ പീഡനവുമായി ബന്ധപ്പെട്ട് നടത്തിപ്പുകാർക്കെതിരെ IPC 376, JJ Act 23, 26 പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും സ്ഥാപനത്തിന്റെ അംഗീകാരം ഓർഫനേജ് കൺട്രോൾ ബോർഡ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | അനാഥാലയങ്ങളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിലവിൽ എന്തൊക്കെ ക്രമീകരണങ്ങളാണുള്ളതെന്നറിയിക്കുമോ ; | (സി) | 1. കുട്ടികളുടെ പ്രവേശനത്തിനായി കുട്ടികളെ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ, പേരും വിലാസവും, നേറ്റിവിറ്റി, മാതാപിതാക്കളുടെ തൊഴിൽ, വരുമാനം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസർ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്നു കാണിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>2. അന്യസംസ്ഥാനത്തെ കുട്ടികളെ സംബന്ധിച്ച് അവരുടെ പ്രവേശനം ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ റെക്കമെന്റേഷനും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അനുമതിയോട് കൂടിയും മാത്രമേ പാടുള്ളു എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>3. കൂടാതെ ബഹു. ഹൈക്കോടതിയുടെ Crl.As 1951 & 2196/09 നം. ഉത്തരവ് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള എല്ലാ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം സ്ത്രീകളുടെ സ്ഥാപനങ്ങളിൽ സ്ത്രീകളായ കെയർ ടേക്കർ, വാർഡൻ എന്നിവരുടെ സേവനം മണിക്കൂറും ലഭ്യമാക്കുവാനും വിഭിന്ന ലിംഗത്തിൽപെട്ടവരെ പരസ്പരം ബന്ധപ്പെടാൻ കഴിയാത്തവിധത്തിൽ സ്ഥിരമായ വേർതിരിവ് ഉണ്ടാക്കുന്നതിനും സ്ഥാപനത്തിന്റെ ചുമതല |

| | | | |
|---|---|---|---|
| | | | ക്കാരായ എതിർ ലിംഗത്തിൽപ്പെട്ട വ്യക്തികൾ അന്തേവാസികളുടെ താമസ സ്ഥലത്ത് പ്രവേശിപ്പി ക്കാതിരിക്കുന്നതിനും സ്ഥാപന ത്തിലെ അന്തേവാസികൾ എതിർ ലിംഗത്തിൽപ്പെട്ട അപരിചിതരായ വ്യക്തികളുമായി വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുന്നത് നിരുത്സാഹപ്പെടു ത്തുന്നതിനും പ്രത്യേകം നിർദ്ദേശ ങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി | അനാഥാലയങ്ങളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എല്ലാ മാസവും കൃത്യമായ പരിശോധന നടത്തുന്നതിന് വ്യവസ്ഥ ചെയ്യുമോ ; ആയതി നായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിന് തയ്യാറാ കുമോ ? | (ഡി) | നിലവിൽ അനാഥാലയങ്ങളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു. പ്രസ്തുത കമ്മറ്റി അംഗങ്ങൾക്ക് സ്ഥാപനം സന്ദർശനം നടത്തുന്നതിനുള്ള അനുമതിയും നിലവിൽ ഉണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു പരിശോധനാ സമിതിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ